## FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ
**22 December 2017 (03 Rabi'ul Aakir 1439 Hijira)**

## END OF YEAR FESTIVITIES :/ വർഷാവസാനാഘോഷങ്ങൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽഫാതിഹ ഓതിയ ശേഷം വർഷാവസാനാഘോഷങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

വർഷാവസാനമാകുമ്പോൾ, അനേകം ആളുകൾ ധനം ധാരാളമായി ചെലവഴിക്കുന്നതായി നാം കാണുന്നു. വിനോദ പാർക്കുകളിലും മദ്യശാലകളിലും പണം ചെലവഴിക്കപ്പെടുന്നു. മറ്റൊരനാവശ്യ ചെലവഴിക്കൽ പടക്കം വാങ്ങലുകളിലും പടക്കം പൊട്ടിക്കലുമാണ് നടത്തപ്പെടുന്നത്.

പടക്കം വാങ്ങലും അതു പൊട്ടിക്കലും ഒരു മുസ്ലിം ചെയ്യേണ്ട പ്രവർത്തിയല്ല. ഒരു നല്ല മുസ്ലിം ദൈവകല്പനകൾക്കനുസരിച്ച് ജീവിക്കുകയും സർവ്വശക്തനായ ദൈവത്തിന്റെ ഇംഗിതത്തിനനുസരിച്ച് ചരിക്കുകയും ചെയ്യുക എന്നതാണ്. പടക്കം പൊട്ടിക്കലും പൂത്തിരി കത്തിക്കലും ദൈവനിഷേധപാതയാണ്. സർവ്വശക്തനായ ദൈവത്തെ ഒരുവൻ അനുസരിക്കാതെ വരുമ്പോൾ അവന് ഒരു നല്ല മുസ്ലിമായി ജീവിക്കുവാൻ കഴിയുകയില്ല. പൂത്തിരി കത്തിക്കൽ തീർച്ചയായും ധനനഷ്ടം വരുത്തുന്ന കാര്യമാണ്. അനാവശ്യമായി ധനം ചെലവഴിക്കുന്നവനെ പിശാചിന്റെ സഹോദരൻ എന്നാണ് ദൈവം വിളിക്കുന്നത്. കാരണം സാത്താൻ അവനെ ആകർഷിപ്പിക്കുകയും അതിലൂടെ അവനെ ദൈവത്തിൽ നിന്ന് അകറ്റുകയും ചെയ്യുന്നു. സർവ്വശക്തനായ അല്ലാഹുവിൽ നിന്ന് ബന്ധം വിച്ഛേദിക്കുന്നതിനെക്കാൾ മോശമായ ഒരു സാഹചര്യവും ഭൂമുഖത്തില്ല. ഒരുവൻ പടക്കം പൊട്ടിക്കുന്നതിലൂടെ അവൻ അവന്റെ അയൽവാസിയെ ഉപദ്രവിക്കുകയാണ്. വേദനയാൽ വിഷമിക്കുന്നവർക്ക് അത് പ്രയാസമുണ്ടാക്കുന്ന കാര്യവുമാണ്. ഈ

സ്ഫോടനം ജനങ്ങളുടെ വിശ്രമത്തിന് ഹാനികരമാണ്. ആരെങ്കിലും തന്റെ അയൽവാസിക്ക് ബുദ്ധിമുട്ടുവരുത്തിയാൽ അവൻ അക്രമിയാണ്. അക്രമി എപ്പോഴും ദൈവക്രോധത്തെ ക്ഷണിച്ചു വരുത്തുന്നവനാണ്. ദൈവക്രോധത്തിൽ അകപ്പെടുന്നതിനെക്കാൾ വലിയ ദുരന്തം മറ്റെന്താണുള്ളത് ?

ഒരു പ്രവാചക വചനത്തിന്റെ സാരംശ പ്രകാരം ഹസ്രത് മുഹമ്മദ് (സ) പറഞ്ഞിരിക്കുന്നു. ഒരു യഥാർത്ഥ മുസ്ലിം മറ്റു മുസ്ലിംകൾക്ക് ഉപദ്രവമുണ്ടാക്കുന്നവനല്ല. പടക്കം പൊട്ടിക്കുന്നതിലൂടെ ഒരു മുസ്ലിം യഥാർത്ഥ മുസ്ലിം അല്ലാതായി തീരുന്നു. കാരണം അവൻ അവന്റെ സഹോദരനെ ഉപദ്രവിക്കുന്നു. (അതായത് അവനെ പോലുള്ള തന്റെ സഹോദരീ സഹോദരന്മാരെ ശല്യം ചെയ്യുന്നു.)

വെടി പൊട്ടിക്കുന്നതിലൂടെ യാതൊരു പ്രയോജനവുമില്ല. മറിച്ച് ജനജീവിതത്തിന് പോറലേല്പിക്കുന്നു. അതേ സമയം നിങ്ങളുടെ ധനം കരിച്ചു കളയുന്നു. പ്രസ്തുത ധനം നേടുവാൻ നിങ്ങൾ വളരെ ബുദ്ധിമുട്ടിയതുമാണ് നിങ്ങളുടെ അനർഹ സന്തോഷവും ഇച്ഛയും തൃപ്തി പെടുത്തുവനായി നിങ്ങൾ സ്വരുകൂട്ടി വെച്ചിരിക്കുന്ന ഈ ധനത്തെപറ്റി ആർക്കാണ് അറിയാവുന്നത്. ഇങ്ങനെ ചെലവഴിക്കന്നതിന് പകരം ഈ ധനം അത്യാവശ്യമുള്ള സാധുക്കളുടെ വേദനയകറ്റുവാൻ ഉപയോഗിച്ചു കൂടെ ? പടക്കം പൊട്ടിച്ചു കളയുന്ന ഈ ധനം തീർച്ചയായും നിങ്ങളുടെ സഹോദരനോ സഹോദരിക്കോ ആവശ്യമായിരിക്കും. നിങ്ങളുടെ ഈ മോശമായ ദേഹേച്ഛയെ പ്രതിരോധിക്കുവാൻ നിങ്ങൾ തയ്യാറായാൽ, അത്തരം ത്യാഗത്തിന് തയ്യാറായാൽ, തീർച്ചയായും നിങ്ങളും നിങ്ങളുടെ കൂടുംബവും സന്തോഷത്തിലായി തീരുന്നതാണ്. ഈ ലോകത്ത് മാത്രമല്ല നാളെ പരലോകത്തും ഇന്ന് 2017 ഡിസംബർ 22 ആകുന്നു. ക്രിസ്തുമസ് ആഘോഷങ്ങൾ സമീപിച്ചു കൊണ്ടിരിക്കുന്നു. ലോകത്തിലെ മുഴുവൻ രാജ്യങ്ങളും മൗറിഷ്യസിലും ഇതിനെ ദേശീയ അവധി ദിനമായി പ്രഖ്യാപിച്ചിരിക്കുന്നു. എന്നാൽ നിങ്ങൾ ഒരു മുസ്ലിംമാണെങ്കിൽ നിങ്ങൾക്ക് ക്രിസ്തുമസ് ആഘോഷം ശക്തമായി നിരോധിച്ചിരിക്കുന്നു. അഥവാ ഈ സന്ദർഭത്തിൽ സമ്മാനങ്ങൾ നല്കുന്നത് നിരോധിക്കപ്പെട്ട കാര്യമാണ്. ക്രിസ്തുമസ് ആഘോഷിക്കുന്നത് നിർബന്ധമായും തടയപ്പെട്ടിരിക്കുന്നു എന്ന് നാം പറയുമ്പോൾ അതിന്റെ അർത്ഥം ഇത് ഹറാമായ കാര്യമാണ് എന്നത് തന്നെ ! കാരണം നാം ക്രിസ്തുമസ്സ് ആഘോഷിക്കുമ്പോൾ, നാം

മുസ്ലിംകൾ അല്ലാത്തവരെ, അനുകരിക്കുന്നു എന്നാണർത്ഥം. മറ്റുള്ളവരെ അനുകരിക്കുന്നതിൽ നിന്നും നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് (സ) വളരെ ശക്തമയാ നിലപാട് എടുത്തിട്ടുണ്ട്. നിശ്ചയമായും, അവൻ. അവനിൽപ്പെട്ടവൻ തന്നെ എന്ന് അരുൾ ചെയ്തിരിക്കുന്നു. വിധി ദിനത്തിൽ അവൻ അവരോടൊപ്പം എഴുന്നേല്പിക്കപ്പെടുന്നതാണ് എന്ന് സാരം ! കാരണം ഇസ്ലാം പഠിപ്പിച്ചതനുസരിച്ച് പ്രവർത്തിക്കുന്നവർ, മറ്റേതൊരു ജനതയെ അനുകരിക്കുന്നുവോ അഥവാ ഏതു വിശ്വാസം വെച്ചുപുലർത്തിയോ അവൻ / അവൾ അവരിൽപ്പെട്ടവർ തന്നെ.

മറ്റുള്ള ജനതയുമായി നമുക്ക് നല്ല നിലയിൽ വർത്തിക്കുവാൻ കഴിയുന്നതാണ്. അതിന് അവരെ അനുകരിക്കേണ്ടതില്ല. അവർ കാണിക്കുന്നതു പോലെ നാം കാണിക്കേണ്ടതുമില്ല. എന്നാൽ അവരുമായി നാം നല്ല നിലയിൽ ബന്ധം സ്ഥാപിക്കേണ്ടതാണ്. നമ്മുടെ തത്വവും നമ്മുടെ ദീനും മറ്റുള്ളവർ ആദരിക്കത്തക്ക നിലയിൽ നാം ആക്കിത്തീർക്കേണ്ടത്. നമ്മുടെ ഒരു ബാധ്യതയാണ്. വിശിഷ്യാ 2001 മുതൽ ഇസ്ലാമും മുസ്ലിംകളും എല്ലാവിധ പരിഹാസങ്ങൾക്കും ആക്ഷേപങ്ങൾക്കും പാത്രമായപ്പോൾ ! ഇനി എങ്കിലും മുസ്ലിംകളെന്ന നിലയിൽ നിങ്ങൾക്ക് നിങ്ങളുടെ തത്വങ്ങളെ ആദരിക്കുവാൻ അറിയില്ലെങ്കിൽ മറ്റുള്ളവർ അതിനെ ആദരിക്കുകയില്ല മാത്രമല്ല നിങ്ങളെയും ആദരിക്കുകയില്ല. !

മറ്റൊരു കാര്യം ഇന്ന് സർവ്വ സാധാരണമാണ്. വിശിഷ്യാ വർഷാദ്യസദ്യകൾ, ഓഫീസുകളിലും മറ്റും. വർഷാവസാന പരിപാടി എന്ന നിലയിൽ നിങ്ങളുടെ കൂട്ടുകാരിൽ നിന്നും നിങ്ങൾക്ക് ക്ഷണം ലഭിക്കുക എന്നത് സാധാരണമാണ്. അല്പം നേരമ്പോക്കിൽ പങ്കെടുക്കുക എന്നത് !. അതായത് നിങ്ങളുടെ സ്നേഹിതരും സഹപ്രവർത്തകരും അല്പം മദ്യം കഴിക്കുന്നതിനായി നിങ്ങളെ ക്ഷണിക്കുന്നു. നേരമ്പോക്കിന് ഒരല്പം ! നല്ല സമയത്ത് ഒരാനന്ദത്തിന് ! നിങ്ങൾ ഒരു രീതിയിലും ഇത്തരം ക്ഷണങ്ങൾ സ്വീകരിക്കരുത്. ഇത്തരം ക്ഷണങ്ങൾ സ്വീകരിക്കുന്നതിലൂടെ നിങ്ങളെ സാത്താൻ കൊണ്ടു പോവുകയാണ്. അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു. ഇതുവരെ നിങ്ങളുടെ പദവി നല്ല നിലയിലാരുന്നുവെങ്കിൽ, അപ്പോൾ മുതൽ നിങ്ങളുടെ പദവിയ്ക്ക് കോട്ടം തട്ടുകയായി. നിങ്ങളുടെ നാശത്തിന്റെ ആദ്യത്തെപടി ഇതിലൂടെ നിങ്ങൾ ചവിട്ടുകയാണ്. നിങ്ങളുടെ ഭാര്യമാരും കുട്ടികളും നിങ്ങളെ സ്നേഹിച്ചിരുന്നവരും നിങ്ങളൊടൊപ്പം വളരെയധികം കുഴപ്പത്തിൽ ചെന്നു ചാടുകയാണ്. ഇതൊക്കെ നിങ്ങളുടെ കണ്ണു

കളിൽ സന്തോഷം നല്കുന്ന വിനോദമാണോ ? ഇത്തരം വിനോദങ്ങൾ വളരെ വലിയ മുറിവേല്പിക്കുന്നതാണ് എന്ന് തിരിച്ചറിയുക. നാം ഇല്ല എന്ന് പറയാൻ പഠിക്കണം. ! സർവ്വശക്തനായ അല്ലാഹുവിനെ അനുസരിക്കാതിരിക്കുവാനുള്ള ഇത്തരം സന്തോഷങ്ങളുടെ നേരെ നോ എന്ന് പറയാൻ പഠിക്കണം. നമ്മുടെ ദൈവം നമ്മുടെ രക്ഷകർത്താക്കളെക്കാളും നമ്മെ സ്നേഹിക്കുന്നു എന്ന് തിരിച്ചറിയുക.

ചിലപ്പോൾ നിങ്ങൾ പറഞ്ഞേക്കാം മദ്യം കഴിക്കുന്നവരോടൊപ്പമിരുന്ന ഫ്രൂട്ട് ജ്യൂസ് കുടിച്ചാൽ കുഴപ്പമില്ലല്ലോ എന്ന് ! ഞാൻ മദ്യം കഴിക്കുന്നില്ല. അറിയുക അതും അനുവദനീയമല്ല. ഒരു മുസ്ലിം എന്ന നിലയിൽ, നിങ്ങൾക്ക് മദ്യം കഴിക്കുവാനുള്ള അവകാശമില്ല. അഥവാ മദ്യം കഴിക്കുന്നവരോടൊപ്പം ഇരുന്ന് അതേ മേശപ്പുറത്തുനിന്ന് സംസം ജലമായാലും കുടിക്കരുത്. അവിടെ വൈനും മദ്യവും വിളമ്പുന്നിടമാണ്.

മുൻപ് ഇത്തരം പ്രവർത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ, നിങ്ങൾ അല്ലാഹുവിനോട് മാപ്പ് ചോദിക്കുക. അവൻ പരിപൂർണ്ണമായും കരുണയുള്ളവനും മാപ്പു ചെയ്യുന്നവനുമാകുന്നു. അല്ലാഹുവിനോട് പാപമോചനത്തിനായി അർത്ഥിക്കുന്നത് മഹത്തായ ഇബാദത്താകുന്നു. അല്ലാഹു (ത) ഇത്തരം നടപടിയെ അഭിനന്ദിക്കുന്നു. ഒരുവൻ തെറ്റു ചെയ്തു പോയി. അവനതിൽ ഖേദിക്കുന്നു. പ്രസ്തുത ഖേദത്തെ അല്ലാഹു അംഗീകരിക്കുന്നു. അത് വിനയത്തോടെയുള്ള ഒരു ഇബാദത്താകുന്നു. വിനയം അല്ലാഹു ഇഷ്ടപ്പെടുന്ന ഒരു ഗുണമാണ്. അതുകൊണ്ട് വിനയത്തോടെ അല്ലാഹുവിനോട് മാപ്പപേക്ഷിക്കുമ്പോൾ അവനെ അവൻ ശുദ്ധീകരിച്ച്. അല്ലാഹുവിനോട് ചേർത്തു നിർത്തുന്നു.

നമ്മുടെ മുൻഗാമികൾ, പാപങ്ങൾ ചെയ്യാതിരുക്കുവാൻ, അവരാൽ കഴിയും വിധം യത്നിച്ചിട്ടുണ്ട്. ഭക്തിപാരവശത്താൽ നിദ്രാവിഹീനരായി രാത്രി മുഴുവൻ സർവ്വശക്തനായ അല്ലാഹുവിനോട് മാപ്പപേക്ഷിച്ചവരും ഉണ്ടായിരുന്നു. അല്ലാഹുവിനോട് വേണ്ട വിധം ഭക്തി പ്രകടിപ്പിക്കുവാൻ അവർക്ക് കഴിഞ്ഞില്ല എന്ന ബോധം അവരെ കൊണ്ടതു ചെയ്യിപ്പിച്ചു. അവരുടെ പ്രാർത്ഥനയുടെ ഗുണവും അളവും കുറഞ്ഞുപോയിട്ടുണ്ടായിരിക്കും എന്ന വിചാരത്താൽ അവർ വളരെയധികം മാപ്പിനായി അപേക്ഷിച്ചു കൊണ്ടിരുന്നു.

നാം ഇന്ന് പാപത്തിൽ മുങ്ങി താണുകൊണ്ടിരിക്കുകയാണ് എന്നാൽ നാം പാപമോചനത്തിനായി അർത്ഥിക്കേണ്ടതാണ് എന്ന കാര്യത്തിൽ നാം ബോധ വാന്മാരല്ല. കാരണം നമ്മുടെ ഹൃദയങ്ങൾ പാപക്കറയാൽ നിറഞ്ഞുപോയിരിക്കുന്നു. നാം ഇനിയും മാപ്പപേക്ഷിക്കുന്നില്ലെങ്കിൽ നമ്മുടെ സാഹചര്യം ഇതിലും വഷളാകുന്നതാണ്. നമുക്ക് അതിനുള്ള തൗഫീഖ് ലഭിക്കാതെ പോകുന്നതുമാണ്. അത്തരം ഇഛാശക്തി നമുക്ക് നഷ്ടപ്പെടുന്നതാണ്.

സൗത്ത് കേരളത്തിൽ ഇന്ന് ജൽസാ സാലാന ആരംഭിക്കുകയാണ്. അവിടെയുള്ള സഹോദരങ്ങളെ നാം പ്രത്യേകം സ്മരിക്കേണ്ടതായിട്ടുണ്ട്,. രണ്ട് ദിവസങ്ങളിലായി നടത്തപ്പെടുന്ന പ്രസ്തുത ജലസ എല്ലാ നിലയിലും അനുഗ്രഹപ്രദമാകട്ടെ ! ദൈവീക ജ്ഞാനത്താൽ അവർ സമ്പന്നരാകട്ടെ ! നാം വിശ്വാസികൾ എന്ന നിലയിൽ, മുസ്ലിംകൾ എന്ന നിലയിൽ അല്ലാഹുവിനോട് ചേർന്ന് നില്ക്കേണ്ടത് നമ്മുടെ കടമയാണ്. അല്ലാഹുവിന്റെ കോപത്തിന് പാത്രമാകുന്ന എല്ലാ കാര്യത്തിൽ നിന്നും മാറി നില്ക്കേണ്ടതാണ്. അല്ലാഹുവിന്റെ ഔന്നിത്യത്തെയും നിലനില്പിനെയും പറ്റി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ആത്മീയ പരിപാടികൾ നാം സംഘടിപ്പിക്കേണ്ടതാണ്. അല്ലാഹുവിലുള്ള ഭയം നാം വളർത്തി എടുക്കേണ്ടതാണ്. ഇൻശാ അല്ലാഹ് ഡിസംബർ 25 ന് തമിഴ്നാട്ടിലെ സഹോദരങ്ങളും അവരുടെ ജൽസ സംഘടിപ്പിക്കുന്നുണ്ട്. ദുആയിൽ അവരെയും ഓർക്കുക അവരുടെ പ്രയത്നത്തിൽ വിജയിക്കുവാൻ ദുആ ചെയ്യുക. അല്ലാഹു അവരെയും അനുഗ്രഹിക്കട്ടെ ! അല്ലാഹുവിന്റെ തൃപ്തിയും സന്തോഷവും അവരിലുണ്ടാകുവാൻ അവരുടെ പ്രയത്നങ്ങൾ കാരണമായി തീരട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ.

**Translated & Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**